ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം

(i)

നമ്പർ ഡി.ജി.പി.ക്യാമ്പ് 74/2014 തീയതി : 16-04-2014

<u>സർക്കുലർ നമ്പർ 18/2014</u>

വിവിധ സെൻട്രൽ ജയിലുകളിലും മറ്റു ജയിലുകളിലും രാത്രിയിൽ നടത്തിയ പരിശോധനയിൽ മിക്കവാറും ജയിലുകളിൽ രാത്രി സമയം ആവശ്യത്തിന് വെളിച്ചമില്ലാത്ത അവസ്ഥ ഉണ്ട് എന്ന് കാണുകയുണ്ടായി. ജയിലിൻെറ ചുറ്റുമതിലിൽ ആവശ്യമായ വെളിച്ചം ഇല്ലാത്തതുമൂലം ഇരുട്ടിൽ ആണ്. ജയിലിനുള്ളിൽ തന്നെ പല പ്രധാന സ്ഥലങ്ങളിലും ആവശ്യത്തിന് വെളിച്ചം ലഭ്യമല്ല. ഇക്കാര്യത്തിൽ ഓരോ ജയിൽ സൂപ്രണ്ടുമാരും അടിയന്തിരമായി രാത്രി സമയങ്ങളിൽ ആവശ്യമുള്ള ലൈറ്റുകൾ ഏതൊക്കെ എന്നും ജയിൽ ചുറ്റുമതിലിൽ എവിടെയൊക്കെ ആണ് വെളിച്ചം ഇല്ലാത്തത് എന്നും കൃത്യമായി പരിശോധിച്ച് ടി സ്ഥലങ്ങളിൽ ആവശ്യത്തിന് ലൈറ്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വർഷത്തെ മോഡണൈസേഷൻ ഓഫ് പ്രിസൺസിൻെറ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

വിയ്യൂർ സെൻട്രൽ ജയിൽ, സബ് ജയിൽ എന്നിവിടങ്ങളിലെ സെല്ലുകളിൽ ഫാൻ സൗകര്യമില്ല. ഇതിൽ വിയ്യൂർ സെൻട്രൽ ജയിലിൽ ഏതു തരത്തിലുള്ള ഫാൻ സൗകര്യം നൽകാമെന്ന് ശാസ്ത്രീയമായി തന്നെ പരിശോധിക്കേണ്ടതാണ്. തൃശൂർ സബ് ജയിലിൽ ഇപ്പോഴുള്ള സെല്ലുകളിൽ തന്നെ സീലിംഗ് ഫാനുകൾ നൽകാവുന്നതേ ഉള്ളൂ. ഇതു പോലെ മറ്റു ജയിലുകളിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവയും കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. സെൻട്രൽ ജയിലുകളുടെ ചുറ്റും സൈക്കിൾ പെട്രോളിംഗ് അല്ലെങ്കിൽ ടൂ വീലർ പെട്രോളിംഗ് എന്നിവ അത്യാവശ്യമായി ഏർപ്പെടുത്തുന്നതിനായി ചെറിയ റോഡുകൾ ഉണ്ടാക്കേണ്ടതാണ്.

സെൻട്രൽ ജയിലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുള്ളതുമൂലം ക്യാമറകളുടെ പ്രവർത്തനം ഫലവത്തല്ലാതായിട്ടുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സോളാർ പാനലുകൾക്ക് അടിയിലായി പുതുതായി ക്യാമറകൾ സ്ഥാപിക്കേണ്ടതാണ്.

**ടി പി സെൻകുമാർ ഐ പി എസ്**
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ്
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും
എല്ലാ മേഖലാ ഡി.ഐ.ജി മാർക്കും
എല്ലാ സ്പെഷ്യൽ ആഫീസർമാർക്കും
പകർപ്പ് : പ്രോഗ്രാം ആഫീസർ - സത്വര നടപടികൾക്കായി

16/4/15